**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6121** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകി വരുന്ന ഉയർന്ന നിരക്കിലും താഴ്ന്ന നിരക്കിലുമുള്ള പെൻഷൻ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | സഹകരണ പെൻഷൻ പദ്ധതികൾ പ്രകാരം അനുവദിയ്ക്കുന്ന മിനിമം പെൻഷൻ 3600/- രൂപയാണ്. സൂപ്പറാനുവേഷൻ പെൻഷൻ, റിട്ടയറിങ്ങ് പെൻഷൻ, ഇൻവാലിഡ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്കാണ് മിനിമം പെൻഷന് അർഹത. പ്രൈമറി പെൻഷൻ പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 17,850/- രൂപയും സംസ്ഥാന/ജില്ല സഹകരണ ബാങ്ക് പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 26,180/- രൂപയുമാണ്.<br><br>സഹകരണ പെൻഷൻ പദ്ധതികൾ പ്രകാരം പെൻഷന് അർഹതയുള്ളതും എന്നാൽ ഫണ്ടടവാക്കാത്തതിനാൽ പെൻഷൻ ലഭിക്കാതെ പോയതുമായ 75 വയസ്സ് കഴിഞ്ഞ മുൻ ജീവനക്കാർക്ക് സമാശ്വാസ പെൻഷനായി 1750/- രൂപ അനുവദിച്ച് വരുന്നു.<br><br>കയർസഹകരണ സംഘങ്ങളിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ പേർക്ക് പ്രത്യേക പദ്ധതി പ്രകാരം പ്രതിമാസം 3000/- രൂപ അനുവദിച്ചു വരുന്നു. |
| (ബി) | പെൻഷൻ പറ്റിയ ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകി വരുന്നതെന്നു വിശദമാക്കാമോ; | (ബി) | സഹകരണ പെൻഷൻകാർക്ക് പെൻഷന് പുറമേ പ്രതിമാസം 600/- രൂപയും കുടുംബ പെൻഷൻകാർക്ക് 300/- രൂപയും മെഡിക്കൽ അലവൻസ് അനുവദിച്ച് വരുന്നു. കൂടാതെ ഓണത്തോടനുബന്ധിച്ച് ഉത്സവബത്തയും അനുവദിച്ച് വരുന്നു. 2023 വർഷത്തിൽ പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും യഥാക്രമം 3500/- രൂപയും 3000/- രൂപയും ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇവർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടായിരുന്നോ; നിലവിൽ ക്ഷാമബത്ത നൽകുന്നുണ്ടോ; | (സി) | 03/2016 മുതൽ സഹകരണ പെൻഷൻകാർക്ക് 5 ശതമാനം ക്ഷാമബത്ത അനുവദിക്കുകയും ആയത് 8/2017 -ൽ 7 ശതമാനം ആയും 10/2018 മുതൽ 8 ശതമാനം ആയും 9/2019 മുതൽ 9 ശതമാനം ആയും |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 2021 -ൽ ഉത്തരവായ പെൻഷൻ പരിഷ്കരണത്തിലൂടെ 9 ശതമാനം ഡി.എ. അടിസ്ഥാന പെൻഷനിൽ ലയിപ്പിച്ചും അടിസ്ഥാന പെൻഷന്റെ 10 ശതമാനം വർദ്ധനവ് അനുവദിച്ചും ഉത്തരവായിരുന്നു. തുടർന്ന് ഡി.എ. അനുവദിച്ചിട്ടില്ല. |
| (ഡി) | ക്ഷാമബത്ത അനുവദിക്കേണ്ടത് ഉചിതമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ക്ഷാമബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനും മെഡിക്കൽ ഇൻഷുറൻസ് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പെൻഷൻകാരുടെ വിവിധ സംഘടനകൾ പെൻഷൻ പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ഇ) | മെഡിസെപ് മാതൃകയിൽ ഇവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഗണിക്കുമോ; വിശദമാക്കുമോ? | (ഇ) | സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത അനുവദിക്കുന്നതിനും മെഡിക്കൽ ഇൻഷുറൻസ് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പെൻഷൻകാരുടെ വിവിധ സംഘടനകൾ പെൻഷൻ പരിഷ്കരണ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ